Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്

ദൈവത്തിന്റെ വചനം

# THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

Vol. 26 November 2012 No.8

# എഡിറ്റോറിയൽ

ലോകത്തിൽ നടക്കുന്ന പല സംഭവങ്ങളും നമ്മുടെ ബുദ്ധിയെ ജ്വലിപ്പിക്കുന്നതാണ്. കാരണം ദൈവത്താലല്ലാതെ ഒന്നും സംഭവിക്കുന്നില്ല. മനുഷ്യരെല്ലാവരും ഇപ്പോൾ ഭൂമിയിൽ ജീവിക്കുന്നു. ദൈവത്തിന്റെ അനുവാദത്താലാണ് നാം ഇവിടേക്ക് വന്നത്. നമ്മുടെ ആയുസ് ദൈവം നിശ്ചയിക്കുന്നതിനനുസരിച്ചായിരിക്കും ഉണ്ടാകുക. പലർക്കും ആ തിരിച്ചറിവില്ല. അപ്പോൾ നമ്മുടെ പ്രസക്തി എന്താണെന്ന് വിചാരിച്ചേക്കാം. നാമെല്ലാം വെറും ഉപകരണങ്ങൾ മാത്രമാണ്. കുശവന്റെ കൈകളിലെ മൺപാത്രങ്ങൾ പോലെയാണ് നാം. ദൈവത്തിനു എങ്ങനെ വേണമെങ്കിലും നമ്മെ മെനയാം. ആർക്കും ചോദിക്കുവാനവകാശമില്ല. കാരണം അവൻ നമ്മുടെ സൃഷ്ടികർത്താവാണ്. ദൈവമനസ് നമ്മുടെ ബുദ്ധിക്കുമപ്പുറമാണ്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന അറിവു പോലും പൂർണ്ണമായി നമുക്ക് മനസിലാക്കുവാൻ സാധ്യമല്ല. ദൈവമനസും മനുഷ്യമനസും തമ്മിൽ വ്യത്യാസമുണ്ട്. നമ്മുടെ പരിമിതികളെ നാം തിരിച്ചറിയണം എന്നർത്ഥം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം നാം അവനോടുകൂടെ എന്നേക്കും വസിക്കേണ്ടതിനായിരുന്നു. പക്ഷെ ആദ്യമനുഷ്യർ ദൈവ നിയമത്തിനെതിരായി പ്രവർത്തിച്ചതിന്റെ ഫലമായി നാം ജീവിതത്തിനായി മണ്ണിലേക്ക് ഇറങ്ങുവാൻ നിർബ്ബന്ധിതരായി. അതായത് ദൈവം നമ്മെ മരിക്കുവാൻ അനുവദിച്ചു. സ്വയമായി ചിന്തിച്ച് ജീവിക്കേണമോ അതോ മരിക്കേണമോ എന്നു തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം അനുവദിച്ചിരുന്നു. ആ സ്വാതന്ത്ര്യത്തെ അവർ ദുരുപയോഗിച്ചു. അതിമോഹം അവരെ അരുതാത്തതു ചെയ്യിച്ചു. തുടർന്നും മനുഷ്യർ സ്വയം തീരുമാ

നിച്ചാണ് ഓരോ പ്രവൃത്തിയും ചെയ്യുന്നത്. ശാരീരിക ഇച്ഛക്ക് മുൻതൂക്കം കൊടുക്കുന്ന മനുഷ്യർ ആത്മാവിനെയും ആത്മാവിന്റെ ആഗ്രഹത്തെയും തിരിച്ചറിയാതെയാണ് ജീവിക്കുന്നത്. ഇന്നും മനുഷ്യരെ അലട്ടുന്ന പ്രശ്നം അതു തന്നെയാണ്. നമ്മുടെ ഉള്ളിലെ മനുഷ്യനെ നാം വിവേചിച്ചറിയുന്നില്ല. ആന്തരിക മനുഷ്യന്റെ വിശപ്പിനേക്കാൾ നാം നമ്മുടെ ബാഹ്യ മനുഷ്യന്റെ ആർത്തി ശമിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. അതു പ്രാവർത്തികമാക്കുവാൻ നാം പ്രകൃതി നിയമത്തിനും ദൈവ നിയമത്തിനും എതിരായി പ്രവർത്തിക്കുന്നു.

ആ പോരാട്ടത്തിൽ ആത്മാവിനെ പരാജയപ്പെടുത്തുന്നു. നമ്മിലുള്ള ആത്മാവ് ദൈവാത്മാവിലേക്ക് എത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിന് ആവശ്യമായ എല്ലാ ഘടകങ്ങളും ദൈവം ഒരുക്കിയിരിക്കുന്നു. ഭൗതികമായ കണ്ടുപിടിത്തങ്ങൾ നടത്തുന്ന മനുഷ്യർ ആത്മിയമായി എവിടെ നിൽക്കുന്നു എന്നും എവിടേക്കാണ് പോകുന്നതെന്നും തിരിച്ചറിയണം. തിരുവെഴുത്ത് മാത്രമാണ് അതിനു നമ്മെ സഹായിക്കുവാൻ കഴിയുക. ശുദ്ധമായ വചനത്തിൽ മായം കലർത്താതെ പഠിക്കുകയും അത് മാർഗരേഖയായി ജീവിതത്തിൽ എടുക്കുകയും വേണം. എഴുതപ്പെട്ട തിരുവെഴുത്തുകൾ നമ്മെ തികവുള്ളവരാക്കുവാൻ പര്യാപ്തമാണ്. മറ്റൊന്നുമല്ല നമ്മുടെ ജീവിതം ശരിയാക്കുവാൻ ആവശ്യം.

ദൈനന്തിന ജീവിതഭാരം പലരേയും ദൈവികദിശാബോധം നഷ്ടപ്പെടുത്തുന്നുണ്ട്. നമ്മുടെ ലക്ഷ്യസ്ഥാനം എന്തെന്ന് മനസിലാക്കിയാൽ ആത്മിയജീവിതത്തിന്റെ പ്രാധാന്യം എളുപ്പം മനസിലാകും. ദൈവം ഭൗതികമായി അദൃശ്യനാണെങ്കിലും അവന്റെ പ്രവൃത്തികൾ പ്രപഞ്ചത്തിൽ നമുക്ക് കാണാവുന്നതാണ്. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ നമ്മെ കാണിക്കുന്നത് നാം അവന്റെ അടുക്കലേക്ക് ആകർഷിക്കപ്പെടുവാനാണ്. ലോകം നമ്മെ നശ്വരമായവയിലേക്കും നാശത്തിലേക്കുമാണ് ആകർഷിക്കുന്നത്. അതിനെ വേർതിരിച്ചറിയുവാൻ ആദ്യം ദൈവത്തിൽ വിശ്വസിക്കുക. അവനിൽ ആശ്രയിച്ച് പാപങ്ങളെയെല്ലാം ഒഴിവാക്കി ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് മാത്രമെ ഇനി ജീവിക്കുകയുള്ളു എന്ന് ഉറപ്പിച്ച് യേശു ദൈവപുത്രനാണെന്ന് ഏറ്റ് പറഞ്ഞ് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്യുക. പിന്നെ കർത്താവിന്റെ സഭയിൽ മരണത്തോളം വിശ്വസ്തമായി ജീവിച്ച് അവനെ സേവിച്ച് നിത്യജീവൻ പ്രാപിക്കുക.

# പഴയ മനുഷ്യനെ ഉപേക്ഷിക്കുക

# വിനോദം

## *J.C.* ചോട്ട്

പ്രാകൃത മനുഷ്യനേയും, ജഡത്തിന്റെ പ്രവൃത്തികളേയും തെറ്റായും മോശമായുമാണ് ബൈബിൾ വിവരിക്കുന്നത്. സ്വാഭാവികമായും നാം ക്രിസ്തുവിനെ അനുസരിക്കുമ്പോൾ, പഴയ മനുഷ്യനെ ഉപേക്ഷിച്ചു കളയുന്നു അല്ലെങ്കിൽ നാം പാപങ്ങളിൽനിന്ന് മാനസാന്തരപ്പെടുകയും അവന്റെ രക്ഷക്കുള്ള കല്പനകൾ അനുസരിക്കയും ചെയ്യുന്നു. അതുകൊണ്ട് നാം ക്രിസ്തുവിൽ പുതിയ ഒരു വ്യക്തിയായി തീരുന്നു. പൗലോസ് ഇതിനെ, പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ മരിപ്പിക്കുന്നു, അല്ലെങ്കിൽ ക്രൂശിൽ തറക്കുന്നു എന്നു പറയുന്നു (റോമർ 6:6). പിന്നെ അവൻ പറയുന്നു, "ആകയാൽ ഒരുവൻ ക്രിസ്തുവിലായാൽ, അവൻ പുതിയ സൃഷ്ടിയായി; പഴയതു കഴിഞ്ഞുപോയി; ഇതാ സകലതും പുതുതായി തീർന്നു (2കൊരിന്ത്യർ 5:17). ഇനി ഇവയെല്ലാം വിനോദവുമായി എങ്ങനെ ബന്ധപ്പെടുന്നു എന്നു നോക്കാം. ഇതും മറ്റനേകം കാര്യങ്ങളും നമ്മുടെ ജീവിതത്തിനു ചുറ്റും നടക്കുന്നു. നമുക്കു ചെയ്യേണ്ട ജോലിയുണ്ട്, കുടുംബങ്ങളുണ്ട്, നമുക്കു സ്നേഹിതന്മാരുണ്ട്, വിദ്യാഭ്യാസവും പരിശീലനവും ഉണ്ട്, വിനോദവും രസപ്രദവുമായ കാര്യങ്ങളുണ്ട്, സമയാസമയങ്ങളിൽ ആസ്വദിക്കുവാൻ ഒഴിവു ദിവസങ്ങളുമുണ്ട്. നമുക്കു മാറേണ്ടതിനാവശ്യമായ സമയങ്ങളുണ്ട്, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിന് ഒരു വിശ്രമം ആവശ്യമാണ്, ഒഴിവു സമയവും നമുക്കു വേണം. സാധാരണ ആ സമയങ്ങളിൽ നമ്മുടെ പ്രവൃത്തികൾക്കു മാറ്റം വരുത്തി, മനസ്സിനെ ഉന്മേഷവും ആസ്വാദനവും നൽകുന്ന കാര്യങ്ങളിൽ ഏർപ്പെടും. അതിൽ തെറ്റൊന്നുമില്ല; എന്നാൽ അതിൽ ഏർപ്പെടുന്നയാൾക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകും. വാസ്തവത്തിൽ, അത് ഒരാളുടെ താൽപര്യമനുസരിച്ചിരിക്കും. അത് ഒരാളുടെ ജീവൻപോലും രക്ഷിച്ചേക്കാം, തീർച്ചയായും മടുപ്പുളവാക്കുന്ന ജീവിതത്തിൽനിന്ന് കരകയറുവാൻ സഹായിക്കയും ചെയ്യും.

മറ്റെല്ലാ കാര്യങ്ങളേയും പോലെ, നല്ല വിനോദവും മോശമായ വിനോദവുമുണ്ട്. കൂടാതെ, സാധാരണയെന്നപോലെ, അനേകരും മോശമായത് തിരഞ്ഞെടുക്കുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു.

നല്ല സിനിമ കാണുന്നത് തെറ്റല്ല, പക്ഷെ പലരും അക്രമവും, മോശമായ ഭാഷയും അധാർമികതയും, മറ്റ് ദുഷ്പ്രവണതകളുമുള്ള സിനിമകൾ കാണുവാൻ ഇഷ്ടപ്പെടുന്നു. ഒരാളുടെ ജീവിതത്തിൽ, ടെലിവിഷനും റേഡിയോയും വിനോദപ്രദമായ പലതും സംഭാവന ചെയ്യുന്നു, എന്നാൽ അവ അമിതമായ ആവേശത്തിലേക്കും നയിക്കുന്നു. കായിക വിനോദം, സഞ്ചാരം, വായന, ഹോബി തുടങ്ങിയവയെല്ലാം ഒരാളുടെ സമയം കളയുന്നതിനു വേണ്ടിയാണ്.

കുട്ടികൾ വളരുമ്പോൾ അവർ വളരെ അധികം കളിക്കും എന്നും നമുക്കറിയാം അത് അവരിൽ നിന്നും പ്രതീക്ഷിക്കാവുന്നതാണ്. അതേസമയം, പ്രായപൂർത്തിയായവർ അമിത ജോലി ചെയ്യുന്നത് നമുക്കു ഉപദ്രവമായി തീരുന്നു. അതുകൊണ്ടാണ് കുറച്ചു സമയം ജോലിയിൽ നിന്ന് വിട്ടു നിൽക്കുവാൻ നാം ആഗ്രഹിക്കുന്നത്. നമുക്കിനി കുട്ടികളാകുവാൻ ഒരിക്കലും സാദ്ധ്യമല്ല. എന്നാൽ നമുക്കും കളിക്കുവാൻ കുറേ സമയം വേണം. നമ്മുടെ ഗെയിമുകൾ കൂടുതൽ പക്വതയുള്ളതും, ഭൗതീകവും, മാനസീകയും ആയിരിക്കണം, അപ്പോഴും അവയെല്ലാം കളികൾ മാത്രമാണ്. എപ്പോഴും ജോലി ചെയ്ത്കൊണ്ടിരിക്കയും കളിയില്ലാതിരിക്കയും ചെയ്യുന്നത് ജീവിതത്തെ മടുപ്പിക്കും എന്ന് ഒരു ചൊല്ലുണ്ട്, അത് ശരിയാണ്.

വിനോദം നല്ലതാണോ? ലജ്ജ കൂടാതെ അതെനിക്ക് ചെയ്യാമോ? മറ്റുള്ളവരെ അതു ചെയ്യുവാൻ ഞാൻ പ്രേരിപ്പിക്കാമോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൽ മറ്റുള്ളവർ ചെയ്യുന്നുണ്ടെങ്കിലും ഞാൻ എന്തു ചെയ്യണം എന്ന് എനിക്ക് ബോധ്യമാകും. എനിക്ക് നവോന്മേഷമോ ആസ്വാദ്യമോ അതിൽനിന്നു ലഭിക്കുമോ? എനിക്കിഷ്ടമാണെങ്കിൽ ഞാൻ അതു ചെയ്യും മറ്റുള്ളവരെ നോക്കേണ്ട ആവശ്യമില്ല എന്നു കരുതുന്നവരുണ്ട്. പിന്നെ ചോദിക്കുവാനുള്ളത്, അതു ചെയ്യുവാൻ എന്നെക്കൊണ്ടാകുമോ എന്നതാണ്. പല വിനോദങ്ങളും ചെലവേറിയതാണ്. എന്റെ സാമ്പത്തികകഴിവ് അനുസരിച്ച് എനിക്ക് അതിനു പറ്റുമോ എന്നാണ് ചിന്തിക്കേണ്ടത്.

വിനോദം അപകടകരമാണോ? വിനോദരസപ്രദമായ പല പരിപാടികളും അപകടം നിറഞ്ഞതാണ്. പല സവാരികളും കായികാഭ്യാസങ്ങളും അപകടമുണ്ടാക്കി കൈകാലുകൾക്ക് കേടു വരുത്തുന്നവയാണ്. പിന്നീട് അവർക്ക് അതിൽ പങ്കെടുക്കുവാൻ പറ്റാത്ത വിധത്തിൽ അവരുടെ ശരീരം ആവുകയും ചെയ്തേക്കാം. ദൈവം നൽകിയ ശരീരത്തെ എങ്ങനെ ഉപയോഗിക്കണമെന്ന് ദൈവം വ്യക്തമാക്കിയിട്ടുണ്ട്. ശാരീരിക ക്ഷമതക്ക് വേണ്ടി ചെയ്യുന്ന ചെറിയ അഭ്യാസങ്ങളാണെങ്കിൽ അത് പ്രയോജനം ചെയ്യും. അതിനപ്പുറമായ സാഹസിക പ്രവൃത്തികൾ പേരിനും പ്രശസ്തിക്കും വേണ്ടി ചെയ്യുന്നവരുണ്ട്. അത് അവരുടെ ഭാവി ജീവിതത്തെ പ്രതികൂലമായി ബാധിക്കും. എന്തു ചെയ്താലും അത് ആര് ചെയ്താലും മനസിനും ശരീരത്തിനും ഗുണകരമായി തീരുന്നതായിരിക്കണം.

ഇതുപോലെയുള്ള ധാരാളം ചോദ്യങ്ങൾ ഇനിയും ചോദിക്കുവാൻ കഴിയും. എന്നാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അയാൾ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും തിരുവെഴുത്ത് തത്വമനുസരിച്ചായിരിക്കണം. ക്രിസ്തുവിന്റെ അധികാരമില്ലാതെ നാം ഒന്നിനും പുറപ്പെടരുത്. അതാണ് ക്രിസ്ത്യാനിയെ ലോകത്തിലുള്ളവരിൽനിന്നു വ്യത്യസ്തരാക്കുന്നത്. ക്രിസ്തുവിനു കീഴ്പ്പെട്ട് ജീവിക്കുന്നവരായിരിക്കണം അവർ. അതായത് അവന്റെ ഉപദേശത്തിന് വിധേയപ്പെട്ടു വേണം ജീവിക്കുവാൻ. രഹസ്യത്തിലുള്ളതാണെങ്കിലും പരസ്യമായി ചെയ്യുന്നതാണെങ്കിലും ദൈവം നമ്മുടെ ഹൃദയത്തെ കാണുന്നവനാണെന്ന കാര്യം നാം വിസ്മരിക്കരുത്.

നാം ചെയ്യുന്ന പ്രവൃത്തി നമുക്കോ മറ്റുള്ളവർക്കോ ദോഷമായി തീരരുത്. ഏതു സാഹചര്യവും ദൈവമഹത്വത്തിനായി വേണം നാം ഉപയോഗിക്കുവാൻ. സ്വാർത്ഥതയോ ഭൗതികമായ നേട്ടമോ നമ്മെ തെറ്റിലേക്ക് നയിക്കും എന്നോർക്കണം. നാം തിരഞ്ഞെടുക്കുന്ന ഏതൊരു പ്രവൃത്തിയും ദൈവത്തിന്റെ ആലോചനപ്രകാരം വേണം വിലയിരുത്തുവാൻ. ദൈവികപരിജ്ഞാനം എല്ലാവർക്കും അനിവാര്യമാണ്. ദൈവശക്തിയുള്ള വചനത്തെ ദുർവ്യാഖ്യാനം ചെയ്യാതെ അത് അങ്ങനെ തന്നെ സ്വീകരിക്കുവാൻ മനസ് കാണിക്കുന്ന വ്യക്തികൾക്ക് അപകടം ഒഴിവാക്കുവാൻ കഴിയും.

സ്ത്രീകൾക്കു വേണ്ടി

# നാവ് ഒരു തീയോ

## തങ്കം വർഗ്ഗീസ്

നാവും ഒരു തീ തന്നേ (യാക്കോബ്. 3:6). ദൈവം സൃഷ്ടിച്ച എല്ലാ ജീവചാലങ്ങൾക്കും നാവ് ഉണ്ടെങ്കിലും മനുഷ്യനു മാത്രമേ നാവുകൊണ്ട് സംസാരിക്കാനുള്ള കഴിവ് ഉള്ളു. ദൈവം മനുഷ്യന് നൽകിയ അൽഭുതകരമായ ഒരു കഴിവാണ് ഇത്. മനുഷ്യന്റെ അവയവങ്ങളിൽ നാവ് ഒരു ചെറിയ അവയവം എങ്കിലും നാവിന് വളരെ പ്രാധാന്യം ഉണ്ട്. നമുക്ക് പരസ്പരം ആശയവിനിമയം ചെയ്യുന്നതിനും ബന്ധങ്ങൾ ദൃഢപ്പെടുത്താനും നാവ് വളരെ അധികം ഉപകരിക്കുന്നു.

എല്ലാ തത്വചിന്തകന്മാരും മതാചാര്യന്മാരും എഴുത്തുകാരും നാവിന്റെ അത്ഭുത ചൈതന്യത്തെകുറിച്ച് പ്രതിപാദിക്കുമ്പോൾ അതോടൊപ്പം അത് നിയന്ത്രിക്കപ്പെടേണ്ട ആവശ്യത്തെ കുറിച്ച് ദൈവം മനുഷ്യ മനസ്സിനെ പ്രബോധിപ്പിക്കുന്നു. കാരണം ഒരു മനുഷ്യന്റെ സംസാര രീതികൊണ്ട് മിത്രങ്ങളെ സമ്പാദിക്കുകയും ശത്രുക്കളെ ഉണ്ടാക്കുകയും ചെയ്യുന്നു. യാക്കോബ് തന്റെ ലേഖനത്തിൽ 3:10 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരു നാവിൽ നിന്നു തന്നേ സ്തോത്രവും ശാപവും പുറപ്പെടുന്നു. ഒരു ക്രിസ്ത്യാനിക്ക് ഇത് യോഗ്യമോ ഭൂഷണമോ ആയിരിക്കയില്ല. ദൈവഭക്തനായ ഒരു വ്യക്തി ആയാലും, സാധാരണ മനുഷ്യനായ ഒരാളായാലും തന്റെ നാവിനെ കടിഞ്ഞാണിടാൻ ആ വ്യക്തി ശ്രമിച്ചില്ലെങ്കിൽ ഗുണത്തേക്കാൾ ഏറെ ദോഷമായിരിക്കും ഫലം. ആകയാൽ പ്രിയമുള്ളവരേ, നിങ്ങളുടെ സംസാരം ഉപ്പിനാൽ രുചിവരുത്തുന്നതും കൃപയോടുകുടിയതും ഉവ്വ് ഉവ്വ് എന്നും ഇല്ലാ ഇല്ലാ എന്നുമിരിക്കട്ടെ (കൊലോസ്യർ 4:6). സംഭാഷണത്തിൽ പിഴ വരുത്താത്തവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട് നയിക്കുവാൻ കഴിവുള്ള ഒരു ഉത്തമ മനുഷ്യനായിരിക്കും.

പ്രാകൃതമനുഷ്യനേയും ആത്മീക മനുഷ്യനേയും തമ്മിൽ വേർതി

രിക്കുന്ന ഒരു വിഷയം അവരുടെ സംഭാഷണശൈലിയാണെന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നു. വ്യാജം, ദുർഭാഷണം, അട്ട ഹാസം ദൂഷണം അശ്ലീലം, അസഭ്യം സംസ്ക്കാരശൂന്യമായ സംഭാ ഷണം ഇവ പ്രാകൃത മനുഷ്യനിൽ കാണാം. ആത്മീക മനുഷ്യനിലാ കട്ടെ അവന്റെ വാക്കുകളിൽ ദയയും മനസ്സലിവും ദീർഘ ക്ഷമയും ഉണ്ടായിരിക്കും. ദൈവത്തെ അറിയുന്ന, ദൈവത്തെ സ്നേഹിക്കുന്ന ഒരു വ്യക്തിയിൽ മാത്രമേ ആത്മീയ ഗുണങ്ങൾ നമുക്ക് ദർശി യ്ക്കാൻ കഴിയു. കൊലൊസ്യർ 3: 12–15 ൽ നമ്മെ ഇപ്രകാരം പ്രബോ ധിപ്പിക്കുന്നു: "അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും, വിശുദ്ധ ന്മാരും, പ്രിയരുമായി മനസലിവ്, ദയ താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചു കൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന്ന് വഴക്ക് ഉണ്ടായാൽ തമ്മിൽ ക്ഷമിക്കയും എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ".

നാവിന് രണ്ട് സാദ്ധ്യതകളാണ് ഉള്ളത്, അത് നന്മക്കായും തിന്മ ക്കായും ഉപയോഗിക്കാം. പൗലോസ് റോമർക്ക് എഴുതുമ്പോൾ അവിടെ നാം കാണുന്നത്, നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്രമനോഹരം എന്നാണ്(റോമർ 10:15). നന്മ ചെയ്യുന്നവർ ജീവ ന്നായും തിന്മചെയ്യുന്നവർ ന്യായവിധിക്കായും കാപ്പാനുള്ള കാലം വരും എന്ന് ഓർത്തുകൊൾക. ആകയാൽ പ്രിയമുള്ളവരേ നാം തിന്മയെ നന്മകൊണ്ട് നേരിട്ടു വിജയം വരിക്കാൻ പ്രാപ്തരാകു കയും ചെയ്യുക.

നല്ല മനുഷ്യരുടെ സാന്നിദ്ധ്യവും സംസാരരീതിയും ഏവരും ഇഷ്ടപ്പെടുന്നു. ഒരു പുരുഷനായാലും സ്ത്രീ ആയാലും അവരുടെ അധരം കൊണ്ട് മറ്റുള്ളവർക്ക് ഉപകാരം ചെയ്യാൻ സാധിച്ചില്ലെ ങ്കിലും ദോഷം കണക്കിടാൻ കാരണമാകാതെ ദൈവത്തെ ഭയപ്പെ ട്ട്, അവന്റെ കൽപനകളെ കാത്തുകൊള്ളേണ്ടതാകുന്നു. നാവ് നന്ന ല്ലാത്ത ഒരു കുടുംബിനിയുടെ ഭവനം എപ്പോഴും നരക തുല്യമായി രിക്കും. കുട്ടികൾ അവരെ ഭയപ്പെടും, ഭർത്താവ് അവരെ വെറു ക്കും. കുടുംബത്തിന്റെ പുരോഗതിയേയും അത് വളരെ അധികം ബാധിക്കും. ഒരു ഭർത്താവിന്റെ സന്തോഷം ഭാര്യയിൽ നിക്ഷിപ്ത മായിരിക്കുന്നു. സ്ത്രീ കുടുംബത്തിന്റെ വിളക്കാകുന്നു. വിളക്കിൽ എണ്ണയും തിരിയും ഇല്ലെങ്കിൽ അതു കത്തുകയില്ല എന്ന് നമുക്ക്

അറിയാം. അത് പോലെ വിവേകമില്ലാത്ത സ്ത്രീ പന്നിയുടെ മൂക്കിൽ മൂക്കുത്തിപോലെയാകുന്നു. വിവേകമുള്ളവൾ തന്റെ ഭവനത്തെ സ്വർഗ്ഗതുല്യമാക്കുന്നു. അതുകൊണ്ടാണ് ശലോമോൻ, സദൃശ വാക്യം 14:1 ൽ സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീട് പണിയുന്നു. ഭോഷത്വമുള്ളവളോ അത് സ്വന്ത കൈകളാൽ പൊളിച്ചുകളയുന്നു എന്നു പറഞ്ഞത്. ആകയാൽ പ്രിയ വായനക്കാരേ, നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവായാൽ അവൻ ഭത്സിക്കാതെ ദൈവത്തോട് യാചിക്കട്ടെ!

നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റുള്ളവരെ സന്തോഷിപ്പിക്കുവാനും അവർക്ക് ഉത്സാഹം നൽകുവാനും ജീവനും ചൈതന്ന്യവുമുള്ള യേശുക്രിസ്തുവിന്റെ വാക്കുകൾ തന്നേ നമ്മളിൽ നിന്ന് പുറപ്പെടുവാൻ ദൈവം നമ്മളെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

✶

# ദൂതന്മാർ പാടുന്നതു എനിക്കു കേൾക്കാം.

### എച്ച്. ഹെമ്ബ്രി

പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചു പാടുന്നു (ഇയ്യോബ് 3:7). അത്യുന്നതനായവന്നു ദൂതന്മാർ മഹത്വം കൊടുക്കും (ലൂക്കൊസ് 2:13,14) അനേക ദൂതന്മാരുടെ ശബ്ദം ഞാൻ കേട്ടു (വെളിപ്പാട് 5:11). മിന്നിത്തിളങ്ങുന്ന മനോഹരമായ എല്ലാറ്റിന്റേയും ഉറവിടം ദൈവമത്രേ. പ്രഭാത നക്ഷത്രങ്ങളുടെ മന്ദ്രമധുരമായ ഗാനത്തിന്റെ മാധുര്യം നിങ്ങൾക്കു ആസ്വദിക്കാൻ കഴിയുമോ? ദൂതന്മാരുടെ ഈരടികൾ തങ്ങളുടെ ഇടയന്മാർക്ക് കേൾക്കാൻ കഴിയുമോ? ദൂതന്മാരുടെ ഈരടികൾ തങ്ങളുടെ ഇടയന്മാരെ കേൾപ്പിക്കുമ്പോൾ അതു ശ്രവിക്കുവാൻ നിങ്ങൾക്കു താൽപര്യമുണ്ടോ? യോഹന്നാൻ കേട്ടതായ ഗായകന്മാരുടെ ഗീതങ്ങൾ നിങ്ങൾക്കു എങ്ങനെ കേൾക്കാൻ കഴിയുന്നു?

സ്വർഗ്ഗീയ ശ്രുതികളെ പങ്കെടുത്തു ആസ്വദിക്കത്തക്ക രീതിയിലാണ് ദൈവം അവയെ ഏർപ്പെടുത്തിയിരിക്കുന്നതു. രണ്ടിനകൽപനകളാണ് ഇതിനായി തന്നിരിക്കുന്നതു. വെളിപ്പാടും സൃഷ്ടിയും. നാം കാണുവാനും കേൾക്കുവാനും ദൈവം ആഗ്രഹിക്കുന്നു (റോമർ 1:16-20).

ആരംഭം നോക്കുക. പ്രകാശവും പകലും, തുടർന്നു രാത്രി സ്ഥാപിച്ചിരിക്കുന്നു. സമുദ്രത്തെയും സ്ഥാനം കൊടുത്ത് ആക്കി. ഉണങ്ങിയ നിലം കാണുമാറാക്കി. സസ്യജീവചാലങ്ങൾ, ജന്തുക്കൾ ഇവയെല്ലാം ക്രമാനുഗതമായ നിലനിൽപിലേക്കു വന്നു. അവയെല്ലാം അതാതു ഫലം പുറപ്പെടുവിക്കത്തക്ക സ്ഥിതിയിലുമാക്കി, പിന്നീടു മനുഷ്യവർഗ്ഗം, സൃഷ്ടിയുടെ മഹത്വം കിരീടമണിയുകയാണ് ഇതിൽ. എല്ലാം നല്ലതു തന്നെ. സൃഷ്ടികർത്താവിന്റെ ഇച്ഛക്കനുസരിച്ച് എല്ലാം ചലിക്കാൻ തുടങ്ങി. ഏതിലും ഒരു ന്യൂനതയും കാണാനില്ലായിരുന്നു. ആകാശവും അതിലുള്ളതൊക്കെയും ദൈവത്തിന്റെ മഹത്വത്തെ കീർത്തിച്ചു.

ഈ യോജിപ്പിന് വിഘാതം വരുത്തുവാനുള്ള കഴിവ് മനുഷ്യന് ഉണ്ടായിരുന്നു. ദൈവത്തെ അനുസരിക്കുവാനും തള്ളിക്കളയുവാനും കഴിഞ്ഞിരുന്നു. നിർമ്മാതാവായ ദൈവത്തിനു എല്ലാ സൃഷ്ടികളും കീഴ്പ്പെട്ടിരുന്നപ്പോൾ ദൂതൻമാർ പോലും ആഹ്ലാദിച്ചു. എന്നാൽ ഒരു നിമിഷം കൊണ്ട് മനുഷ്യൻ എല്ലാവരേയും ദുഃഖത്തിലാഴ്ത്തി. ആ സന്താപം ഇല്ലാതാക്കുവാൻ, സന്തോഷം പുനസ്ഥാപിക്കുവാൻ ദൈവം ആഗ്രഹിച്ചു. തന്റെ പുത്രനെ അയച്ചു അവനിൽ വിശ്വസിക്കുന്നവൻ മാനസാന്തരപ്പെട്ട് ദൈവത്തെ അനുസരിച്ചാൽ സ്വർഗ്ഗത്തിൽ സന്തോഷം അല തല്ലും (ലൂക്കൊസ് 15:7). പാപക്ഷമാപണം കിട്ടിയവർക്കു സന്തോഷിക്കാം. അവർക്കു ഗീതങ്ങൾ ഹൃദയത്തിൽ നിന്നും ആലപിക്കാൻ കഴിയും (എഫേസ്യർ 5:19). നിങ്ങൾ സ്വർഗ്ഗീയ സന്തോഷത്തിൽ പങ്കു ചേർന്നുവോ? ഇല്ലെങ്കിൽ ഇന്നു തന്നെ കർത്താവിൽ വിശ്വസിച്ച്, മാനസാന്തരപ്പെട്ട് ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞ് പാപമോചനത്തിനായി സ്നാനമേൽക്കുകയും ചെയ്യുക. അപ്പോൾ ദൈവിക സന്തോഷം ലഭിക്കും.

# നല്ല ഉദ്ദേശത്തോടെയുള്ള തിന്മ

## സണ്ണി ഡേവിഡ്

ന്യായവിധിനാളിനെ ഓർമ്മിപ്പിച്ചുകൊണ്ട് ക്രിസ്തു ഈ വിസ്മയാവഹമായ വാക്കുകൾ പറയുകയുണ്ടായി: "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും". അനേകർ യേശുവിനോടു വന്നു സംസാരിക്കുമെന്നാണ് പറഞ്ഞതു. അവർ യേശുവിൽ വിശ്വസിച്ച ആളുകളാണ്. കാരണം അവർ യേശുവിന്റെ നാമത്തിലാണ് വീര്യപ്രവൃത്തികളും അൽഭുതങ്ങളും നടത്തിയതു. തന്നെയുമല്ല അവർ ക്രിസ്തുവിന്റെ രാജ്യത്തിലേക്കു പ്രവേശനം ഉറപ്പാക്കി എന്നു കരുതിയവരുമാണ്.

അവർക്കു ശരിയായ ഉദ്ദേശവും നല്ല ലക്ഷ്യവുമുണ്ടായിരുന്നിരിക്കണം. എങ്കിലും അവർ ചെയ്തതു നിയമ വിരുദ്ധമായിട്ടാണ് എന്നു കാണുന്നു. അവരുടെ പ്രവൃത്തികൾ അധർമ്മമായിരുന്നു, പാപമായിരുന്നു. അതുകൊണ്ട് കർത്താവ് അവരെ അറിഞ്ഞിട്ടില്ല. എന്നും. അവർ അവനെ വിട്ടുപോകുവാൻ പറയുമെന്നും നാം അറിയുന്നു. യേശുവിൽ വിശ്വസിക്കുന്നവരായാലും യേശുവിന്റെ നാമത്തിൽ എന്തു ചെയ്താലും അതു ധർമ്മമല്ലാത്തതാകയാൽ ദൈവം അംഗീകരിക്കുകയില്ല. നിയമ വിരുദ്ധമായ ഏതൊന്നും ദൈവം വെറുക്കുന്നതാണ്. പാപം ചെയ്യുന്നവൻ എല്ലാം അധർമ്മം ചെയ്യുന്നു. പാപം അധർമ്മം തന്നേ (1യോഹന്നാൻ 3:4). ഇന്നു ക്രിസ്തുവിന്റെ നാമത്തിൽ ഇതു പോലെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരില്ലേ? നമ്മളോ? നമ്മൾ ദിവസവും വേദപുസ്തകം വായിക്കുന്നവരാകാം, പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവരാകാം, നല്ല ധാർമ്മിക ജീവിതം നയിക്കുന്നവരുമാകാം. ആ വലിയ ദിവസത്തിൽ കർത്താവ് നമ്മെ സ്വീകരിക്കുമോ? തള്ളുമോ? എങ്ങനെ നമുക്കു

തീർച്ചയാക്കാം?

മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ബുദ്ധിയുപദേശത്തിനായി നല്കപ്പെട്ടിരിക്കുന്നു എന്നു റോമാലേഖനം പതിനഞ്ചാം അദ്ധ്യായം നാലാം വാക്യത്തിൽ കാണുന്നു. ആകയാൽ നമുക്കു ന്യായപ്രമാണ ഉദാഹരണങ്ങൾ പരിശോധിക്കാം.

ശൗൽ യിസ്രായേൽ രാജാവായി അഭിഷിക്തനായ ശേഷം ശമുവേൽ പ്രവാചകൻ മുഖാന്തരം ദൈവം ശൗലിനോടു ആജ്ഞാപിച്ചതെന്തെന്നാൽ "നീ അമാലേക്യരേയും അവർക്കുള്ള എല്ലാറ്റിനേയും ഉന്മൂലനാശം വരുത്തണം" എന്നായിരുന്നു. കാരണം ദൈവ ജനമായ ഇസ്രായേൽ വാഗ്ദാന ദേശത്തേക്കു സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അമാലേക്യർ അവരെ ആക്രമിച്ചു. ശൗൽ പോയി അവരെ തോൽപിച്ചു. എന്നാൽ അവരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചുകൊണ്ടുവന്നു; അവരുടെ ആടു, മാടു, തടിച്ചമൃഗം, എന്നിവയിൽ മേത്തരമായവയേയും, കുഞ്ഞാടുകളേയും, ഉത്തമമായവയെ ഒക്കെയും ജീവനോടെ കൊണ്ടുവന്നു. ശമുവേൽ ശൗലിന്റെ അടുക്കൽ എത്തിയപ്പോൾ ശൗൽ പറഞ്ഞു, "ഞാൻ യഹോവയുടെ കൽപന നിവർത്തിച്ചിരിക്കുന്നു." പക്ഷെ ശമുവേൽ ചോദിച്ചു എന്റെ ചെവിയിൽ എത്തുന്ന ആടുകളുടെ കരച്ചിലും, കാളകളുടെ മുക്കറയും എന്തു. അതിനു ശൗൽ, ജനം അവയെ സൂക്ഷിച്ചു വെച്ചതു നിന്റെ ദൈവമായ യഹോവക്കു യാഗം കഴിപ്പാനാണ് എന്നു പറഞ്ഞു. ദൈവത്തിന്റെ വാക്കുകളെ ലംഘിച്ച് ജനത്തിന്റെ വാക്കു അനുസരിച്ച ശൗൽ നല്ല ഉദ്ദേശത്തോടുകൂടെയാണ് ചെയ്തതു എന്നു മനസിലാക്കാം. പക്ഷെ ദൈവത്തിന്റെ അരുളപ്പാട് എന്താണ് എന്ന് നോക്കാം.

ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനേക്കാളും നല്ലതു. മൽസരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. യഹോവയുടെ വചനം തള്ളിക്കളഞ്ഞ് പാപം ചെയ്ത ശൗലിനെ ദൈവം രാജസ്ഥാനത്തു നിന്നു നീക്കിക്കളഞ്ഞു (1 ശമുവേൽ 15:8-23).

ഇവിടെ ശൗൽ വിചാരിച്ചതു, താൻ ചെയ്യുന്നതു ശരി എന്നാണ്. നാം വിചാരിക്കുന്നതു പോലെയല്ല ദൈവം വിചാരിക്കുന്നതു.

എല്ലാം നശിപ്പിച്ചില്ലെങ്കിലും നല്ലതു കുറെ ശേഷിപ്പിച്ചാൽ അതു തെറ്റാകയില്ല എന്ന സിദ്ധാന്തമായിരുന്നു ശൗലിന്റേത്. കൊണ്ടു വന്നതു യഹോവക്കു യാഗം കഴിക്കുവാൻ എന്ന നല്ല ഉദ്ദേശവും അവനുണ്ടായിരുന്നു. പക്ഷെ അവൻ ചെയ്തതു തെറ്റായിരുന്നു. അതുപോലെ തന്നെ ഇന്നു നിരവധി ആളുകൾ ചിന്തിക്കുന്നുണ്ട്. ദൈവനാമത്തിനുവേണ്ടിയല്ല, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയല്ലേ? ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടിയല്ലേ? എന്നെല്ലാം വിചാരിച്ച് ചെയ്യുന്ന നിയമ വിരുദ്ധമായ എത്രയോ പ്രവൃത്തികൾ ഉണ്ട്. ദൈവം കൽപിക്കുന്ന ഏത് കാര്യവും അതു അങ്ങനെ തന്നെ ചെയ്യുവാനാണ് ദൈവം ആഗ്രഹിക്കുന്നതു. മറിച്ച് പ്രവർത്തിച്ച് അതിനെ ന്യായീകരിക്കുന്നതു ദൈവത്തോടു മൽസരിക്കുന്നതിനു തുല്യമാണ്. അങ്ങനെ ചെയ്യുന്നതു ആഭിചാരദോഷം പോലെയാണ് എന്നു വചനം വ്യക്തമാക്കിയിരിക്കുന്നു. അതാണ് യേശു മത്തായി എഴുതിയ സുവിശേഷം 7:22,23 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു.

ഉല്പത്തി 4:3 ൽ കയീൻ യഹോവക്കു വഴിപാട് കൊണ്ടുവന്നത് നല്ല ഉദ്ദേശത്തോടെ ആയിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവൻ നിലത്തിലെ അനുഭവത്തിൽ നിന്നാണ് കർത്താവിനു വഴിപാട് അർപ്പിച്ചതു. എന്നിട്ടും ആ ആരാധന ദൈവം നിരസിച്ചുകളഞ്ഞു. കാരണം അതു ദൈവേഷ്ടപ്രകാരമായ ഒന്നായിരുന്നില്ല. ദൈവവചനം ശ്രദ്ധിച്ച് കേട്ടിട്ടു വേണം വിശ്വാസം വരുവാൻ; വിശ്വാസം ഉണ്ടായിട്ടുവേണം പൂർണ്ണമായി അനുസരിക്കുവാൻ (എബ്രായർ 11:4; റോമർ 10:17). ദൈവം പറഞ്ഞിട്ടില്ലാത്ത അന്യാഗ്നി ഉപയോഗിച്ച് യാഗം കഴിച്ച പഴയ നിയമത്തിലെ രണ്ടു ലേവ്യാപുരോഹിതന്മാരായിരുന്നു നാദാബും അബീഹൂവും. അവരുടെ യാഗം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. നല്ല ഉദ്ദേശത്തോടെ ചെയ്തു; പക്ഷേ അവർ യാഗത്തിൽ ഉപയോഗിച്ച അഗ്നി ദൈവേഷ്ടത്തിനു വിപരീതമായിരുന്നു. അതിനു കിട്ടിയ ശിക്ഷയോ, അവർ കർത്താവിന്റെ സന്നിധിയിൽ നിന്നും തീ ഇറങ്ങി തീയ്ക്കിരയായിതീർന്നു. മനുഷ്യരുടെ ചിന്തകൾക്കും ആശയങ്ങൾക്കും അതീതമായിട്ടാണ് ദൈവം തന്റെ നീതിയെ വ്യക്തമാക്കിയിരിക്കുന്നതു. ദൈവമുൻപാകെ നമ്മുടെ നീതിക്കു യാതൊരു സ്ഥാനവുമില്ല എന്നു ഓർക്കുക (ലേവ്യപുസ്കം 10:1,2; സംഖ്യാപുസ്തകം 16:46).

പഴയ കാലത്തു ദൈവം ശിക്ഷിച്ചതു പോലെ ഇപ്പോൾ ആളുകളെ അവൻ ശിക്ഷിക്കുന്നില്ല. നാം കൃപാകാലഘട്ടത്തിലാണല്ലോ വസിക്കുന്നതു. ക്രിസ്തു, തന്റെ വചനത്തിലൂടെ നമ്മെ മുന്നറിയിക്കുന്ന കാര്യങ്ങൾ നാം ശ്രദ്ധേയമായി എടുക്കണം. ന്യായവിധി നാൾ എന്ന അവസാന നാളിൽ നമ്മളെ സ്വീകരിക്കേണ്ടതു ക്രസ്തുവാണ്. അവൻ ഏതടിസ്ഥാനത്തിലാണ് നമ്മെ സ്വീകരിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു(യോഹന്നാൻ 12:48). ആ നാളിൽ അവന്റെ മുമ്പിൽ നിൽപാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ദൈവം നശിപ്പിക്കാൻ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും നിങ്ങൾ ജീവനോടെ സൂക്ഷിച്ചിട്ടുണ്ടോ? വിട്ടുകളയാൻ പറഞ്ഞ എന്തെങ്കിലും നിങ്ങളിൽ ഇപ്പോഴും ഉണ്ടോ? ദൈവത്തിന്റെ അധികാരപരിധിയിൽ പെടാത്ത ഏതെങ്കിലും പ്രവൃത്തി നിങ്ങൾ ചെയ്യുന്നുണ്ടോ? എന്നിട്ട് നിങ്ങൾ അതിനെ ന്യായീകരിക്കുന്നുണ്ടോ? ദൈവം പറഞ്ഞിട്ടില്ലാത്ത എന്തെങ്കിലും നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ചെയ്യുന്നുണ്ടോ?

നിങ്ങളുടെ ആത്മാർത്ഥതയല്ല നിങ്ങളെ രക്ഷിക്കുന്നത് എന്നോർമ്മിക്കുക. ഒരാൾ മരുന്നാണെന്ന വിശ്വാസത്തിൽ വിഷം കഴിച്ചാൽ അതു ആത്മാർത്ഥതയോടെ ചെയ്താലും സത്യത്തിനു മാറ്റം സംഭവിക്കുകയില്ല. യേശു ക്രിസ്തു പറഞ്ഞു: നിങ്ങൾ സത്യം അറിയും ; സത്യം നിങ്ങളെ സ്വതന്ത്രമാക്കും; ദൈവവചനമാണ് സത്യം (യോഹന്നാൻ 8:32; 17:17). ക്രിസ്തുവിന്റെ രക്ഷ കരസ്ഥമാക്കുവാൻ അവൻ ആവശ്യപ്പെട്ടതെല്ലാം നിങ്ങൾ ചെയ്തിട്ടുണ്ടോ? (മർക്കൊസ് 16:16, പ്രവൃത്തി 2:38). ദൈവേഷ്ടപ്രകാരമാണോ നിങ്ങൾ അവനെ ആരാധിക്കുന്നത്? (യോഹന്നാൻ 4:24; പ്രവൃത്തി 2:42). വിശ്വസ്തമായ ഒരു ക്രിസ്തീയ ജീവിതമാണോ നിങ്ങൾ നയിക്കുന്നതു? ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ എത്ര ഭക്തിയോടുകൂടി ചെയ്താലും നാം ദൈവത്തിന്റെ അധികാരത്തിനു വിരുദ്ധമായി മൽസരിക്കുകയാവും ചെയ്യുന്നതു. നാം ഒരിക്കലും ദൈവത്തെ കോപിപ്പിക്കരുതു. നമ്മുടെ ദൈവം തീഷ്ണതയുള്ളവനാണ് എന്ന കാര്യം നാം മറക്കരുത്.

★

# പ്രാർത്ഥനക്കായുള്ള സഹായ ഘടകങ്ങൾ

## സ്റ്റീവ് വില്ല്യംസ്

അർത്ഥവത്തായ പ്രാർത്ഥനക്കു തടസങ്ങൾ ഉള്ളതുപോലെ അതിനു സഹായകരമായ കാര്യങ്ങളും ഉണ്ട്. നമ്മുടെ വിശ്വാസവും, ആചാരവും സ്വഭാവവും അതിനെ ബാധിക്കുന്നവയാണ്. ദൈവത്തോടുള്ള ധ്യാനത്തിൽ ഒരാൾ എന്താണ് ചെയ്യേണ്ടതു.

1. **നല്ലൊരു ധാർമ്മിക ജീവിതം:** നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും. വിശുദ്ധജീവിതം നയിക്കുന്നവന്റെ അപേക്ഷയിൽ ദൈവം സന്തോഷിക്കുന്നു (സദൃശവാക്യം 15:8; 21:13). പാപം കഴുകിക്കളഞ്ഞാൽ നമ്മുടെ ദൈവമുൻപാകെ പ്രാഗൽഭ്യത്തോടെ നിൽക്കാം (സങ്കീർത്തനങ്ങൾ 24:3,4).

2. **നിസ്വാർത്ഥമായ ആത്മാവ്:** നമ്മുടേതിനേക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു നാം പ്രാമുഖ്യം കൽപിക്കണം. ശലോമോന്റെ അപേക്ഷ ഉദാഹരണമായി എടുക്കാം. അവൻ തനിക്കു സ്വന്തമായി ഒന്നും ആവശ്യപ്പെടാതെ ദൈവജനത്തെ ഭരിക്കുവാനുള്ള വിവേകബുദ്ധിക്കായി യാചിച്ചു. ദൈവം അതും അതിലപ്പുറവും നൽകി അവന്റെ പ്രാർത്ഥനക്കു ഉത്തരം നൽകി.

3. **അനുസരണമുള്ള ആത്മാവ്:** കർത്താവിന്റെ മാതൃകാപ്രാർത്ഥനയിൽ അവൻ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നുണ്ട്. “ദൈവവേഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറട്ടെ”എന്നതു (മത്തായി 6:10). ദൈവഹിതത്തിനു നാം പ്രാധാന്യം കൊടുത്തു പ്രാർത്ഥിക്കണം എന്ന സൂചനയാണ് നൽകുന്നത്.

4. **ആദരവ്:** കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിൽ “സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ” എന്ന പ്രയോഗം മറ്റെന്തിനേക്കാളും ദൈവത്തെ ബഹുമാനിക്കണം എന്നു നമ്മെ ഓർപ്പിക്കുന്നു. ശരീരവും മനസ്സും തലയുമെല്ലാം ദൈവത്തെ വണങ്ങുവാനായി നാം കീഴ്പ്പെടുത്തണം. ദൈവത്തെ സംബോധന ചെയ്യുന്ന വാക്കുകൾ പോലും ആദരവോടുകൂടിയതാകണം.

5. **താഴ്മ:** എളിമ ഏതൊരാൾക്കും എപ്പോഴും ആവശ്യമാണ്.

ദാനിയേൽ തന്നെത്താൻ താഴ്ത്തി ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ അവന്റെ വാക്കുകൾ ദൈവം സ്വീകരിച്ചു (ദാനിയേൽ 10: 12). നമ്മുടെ പ്രശംസക്കു ദൈവസന്നിധിയിൽ യാതൊരു സ്ഥാനവുമില്ല. അതുകൊണ്ടു പൂർണ്ണമായി താഴ്ന്നുകൊണ്ടു പ്രാർത്ഥിക്കുക.

6. **ഗ്രഹിച്ചുകൊണ്ടുവേണം:** "ഞാൻ ആത്മാവ്കൊണ്ടും ബുദ്ധി കൊണ്ടും പ്രാർത്ഥിക്കും എന്നു പൗലോസ് പറയുന്നു (1കൊരി ന്ത്യർ 14:15). കാണാതെ പഠിച്ചു പ്രാർത്ഥിക്കുന്നതോ മറ്റാരെങ്കിലും എഴുതി ഉണ്ടാക്കിയ പ്രാർത്ഥന ചൊല്ലുന്നതോ കാര്യങ്ങൾ മനസി ലാക്കിയുള്ള പ്രാർത്ഥനയല്ല.

7. **വിശ്വാസം** : പ്രാർത്ഥന വിശ്വാസത്തോടുകൂടിയതാകണം എന്നു തിരുവചനത്തിൽ ഉടനീളം കാണുന്നു (മത്തായി 21:22; യാക്കൊബ് 1:6,7). നമുക്കു ആവശ്യമുള്ളതു മാത്രം നമ്മുടെ ആത്മീയ വളർച്ചക്കു നിദാനം കുറിക്കുന്നവ വിശ്വാസത്തോടെ, ആശ്രയ ത്തോടെ ദൈവത്തോടു ചോദിക്കുക. ദൈവം മറുപടി തരും.

8. **ആത്മാർത്ഥത:** സത്യസന്ധത ജീവിതത്തിൽ ഉണ്ടാകണം. ദൈവത്തോടു പ്രാർത്ഥിക്കുമ്പോഴും അതു ആത്മാർത്ഥമായിരിക്ക ണം. കളങ്കവും കാപട്യവും ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കു വാൻ സഹായിക്കുകയില്ല (മത്തായി 6:5,6; സങ്കീർത്തനം 17:1). ഏതു കാര്യത്തിലും നമ്മിൽ ഉണ്ടായിരിക്കേണ്ട ഗുണമാണ് ആത്മാർത്ഥ ത. ദൈവപ്രസാദം ലഭിക്കുവാൻ അതിനുപകരം മറ്റൊന്നില്ല.

9. **രാജി:** ഫലം എന്തായിരുന്നാലും അതു സ്വീകരിക്കാനുള്ള മാനസികശേഷി നമുക്കുണ്ടായിരിക്കേണം. ഒരു പക്ഷെ ദൈവം നമ്മുടെ പ്രാർത്ഥനക്കു അനുകൂലമായി ഉടനെ മറുപടി തരും. അല്ലെ ങ്കിൽ പ്രതികൂലമായി ഉടനെ മറുപടി തരും. അതുമല്ലെങ്കിൽ കാത്തി രിക്കുന്നതിനായിരിക്കും ദൈവം പറയുക (2ശമുവേൽ 12:19-23). യേശു ക്രിസ്തുവും പൗലോസും നമുക്കു കാണിച്ചുതന്ന മാതൃക അതാ ണ് (യെശെയ്യാവ് 55:8,9). അതായത് നമ്മുടെ ഇഷ്ടത്തെ നാം ഒഴി വാക്കണം. ദൈവേഷ്ടത്തിനു കീഴ്പ്പെടുവാനുള്ള മനസ് നമുക്കു ണ്ടായിരിക്കണം. പിതാവായ ദൈവത്തെ മാനിക്കുന്നവർ അവന്റെ ഇഷ്ടം അനുസരിക്കുവാൻ മറ്റെല്ലാം ഉപേക്ഷിക്കും.

✶

# വിവാഹമോചനം പരിഹാരമല്ല

## ബെറ്റി ബി. സി

പാശ്ചാത്യ സിനിമയും ടെലിവിഷൻ പരമ്പരകളും പ്രേമവിവാഹങ്ങൾക്കു പച്ചക്കൊടി കാണിച്ചിട്ടുണ്ട്. വിവാഹശേഷം ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി വിവാഹമോചനത്തെയും ഈ മാദ്ധ്യമങ്ങൾ പ്രോൽസാഹിപ്പിക്കുന്നു.

എന്നാൽ ഇതിനുള്ള ഉത്തരം ഒരിക്കലും വിവാഹബന്ധത്തെ വിച്ഛേദിച്ചുകൊണ്ടാകരുതു. ദൈവം നമ്മെ പഠിപ്പിച്ചിരിക്കുന്നതു വായിച്ചു നോക്കുക! സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ; അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു എന്നു ഉത്തരം പറഞ്ഞു (മത്തായി 19:4-6).

ദൈവപദ്ധതിയാണ് മറ്റെല്ലാ വഴികളിലും ഉത്തമം. അതായതു ഭർത്താവും ഭാര്യയും മാതാപിതാക്കളിൽ നിന്നും അകന്നു അവർക്കു സ്വന്തമായി ചിന്തിക്കുവാനും പ്രയത്നിക്കുവാനും ഉതകത്തക്കവിധം അവർ പാർക്കണം. വിവാഹത്തിനുശേഷം അവരുടെ ലക്ഷ്യം ഏകമായിരിക്കണം. ഭൗതികമായി അവർ ഏകദേഹമായി വസിക്കുന്നതോടൊപ്പം അവരുടെ മനസ്സും ഹൃദയവും ഒന്നായിരിക്കണം. അങ്ങനെ ഐക്യമായ ധ്യാനപൂർവ്വമായ ജീവിതം അവർക്കു നയിക്കുവാൻ കഴിയണം.

ഈ വിധത്തിലുള്ള വിവാഹത്തിൽ, ദൈവത്താൽ പണിയപ്പെട്ട ദാമ്പത്യബന്ധത്തിൽ പ്രശ്നങ്ങളും വിയോജിപ്പും ഉണ്ടായാൽ ഓരോ ദിവസവും അതു സംസാരിച്ചു വിട്ടുവീഴ്ച്ച വരുത്തേണ്ട സാഹചര്യത്തിൽ അതു വരുത്തി, കീഴടങ്ങേണ്ട സ്ഥാനത്തു കീഴടങ്ങി പരിഹരിച്ചുപോയാൽ അതു വലുതായി തകർക്കത്തക്ക ഭീഷണി ഉയർത്താതിരിക്കും. "ഓരോരുത്തൻ സ്വന്തഗുണമല്ല; മറ്റുള്ളവന്റെ ഗുണം അന്വേഷിക്കട്ടെ (1കൊരിന്ത്യർ 10:24). എന്നതു പരിശീലിച്ചാൽ

സ്നേഹത്തിന്റെ വളർച്ചക്കു നിദാനമായ ദയയും സഹായവും ഉണ്ടാകും.

പക്ഷെ പലപ്പോഴും മനുഷ്യൻ ദൈവത്തിന്റെ പദ്ധതി സ്വീകരിക്കാറില്ല. ചിലപ്പോൾ അവർ മാതാപിതാക്കളോടു കൂടെ വസിക്കൽ തിരഞ്ഞെടുക്കും. അല്ലെങ്കിൽ അവർക്കു വേർപിരിഞ്ഞു തനിച്ചു താമസിക്കാൻ വരുമാനമില്ലാതെ വരാം. ചില കുടുംബത്തിൽ എല്ലാവരും യോജിച്ചു താമസിക്കണമെന്ന തത്വത്തിൽ നീങ്ങും. പെരുമാറ്റത്തിന്റെ പേരിലോ അസൂയനിമിത്തമോ, സ്വത്തിന്റെ പേരിലോ ഒക്കെ അഭിപ്രായവ്യത്യാസങ്ങൾകൊണ്ട് രൂക്ഷമായ കുഴപ്പങ്ങൾ ഉൽഭവിക്കും. പക്വതയില്ലാതെ ഉയരാൻ കഴിയാതെ ഇരിക്കുന്ന യുവാക്കളെ നാം കാണാറില്ലേ? അവർ മാതാപിതാക്കളുടെ തണലിൽ കഴിയുന്നവരായിരിക്കും. മുതിർന്നവരുടെ സ്വഭാവരീതികളും പ്രവർത്തനക്ഷമതയും അവരിൽ ഉണ്ടാകുവാൻ അവർ സ്വന്തമായ ജീവിതം ആരംഭിക്കണം.

എന്നാൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, വിവാഹം ഒരു തടവറയെന്നു തോന്നുന്ന വിധം കാര്യങ്ങൾ കുഴപ്പമായി തീരുമ്പോൾ എല്ലാവരോടും വെറുപ്പും വിദ്വേഷവും തോന്നും. അപ്പോൾ വിചാരിക്കും വിവാഹമാണ് കാരണം. അതുകൊണ്ട് അതിൽ നിന്നും ഒന്നു വിട്ടു കിട്ടിയാൽ എല്ലാം ശാന്തമായി തീരും എന്നു വിചാരിക്കും. വാസ്തവത്തിൽ വിവാഹമോചനം പ്രശ്ന പരിഹാരമാണോ?

എളുപ്പത്തിലും പെട്ടെന്നും ഒന്നായിത്തീരുന്ന ബന്ധനമല്ല രണ്ടു ജീവിതങ്ങളുടെ കൂടിച്ചേരൽ എന്നു ദൈവത്തിനു അറിയാമായിരുന്നു. പരീക്ഷണം നേരിടുമ്പോൾ അതിനെ അതിജീവിക്കാൻ പരിശ്രമിക്കാതെ “എനിക്കു മതിയായി, സഹിക്കാവുന്നതിന്റെ പരിധിയെല്ലാം കഴിഞ്ഞു” എന്നു പറഞ്ഞു ഒറ്റ ദേഷ്യത്തിനു എറിഞ്ഞുകളയാവുന്ന ഒരു ബന്ധമല്ല, ദാമ്പത്യബന്ധം അങ്ങനെ അവസാനിപ്പിക്കാവുന്നത ഒന്നല്ല ഇതു.

മനുഷ്യരുടെ ഈ വൈകാരിക മനോഭാവം അവരെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കുമെന്നു അറിയാമോ? വിവാഹമോചനം നടത്തിയാൽ രണ്ടു വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അതുമൂലം ഉണ്ടാകുന്ന പിരിമുറുക്കം എത്രമാത്രം വലുതായിരിക്കും എന്നോർമിക്കുക. മക്കളുള്ള ദമ്പതികൾ വേർപിരിഞ്ഞാൽ അവരുടെ

മക്കൾ നശിച്ചു പോകുവാൻ കാരണമാകും. കാരണം അവരെ നിയന്ത്രിക്കാൻ മാതാപിതാക്കൾക്കു കഴിയാതെ വരുന്നു. ഇങ്ങനെ വേർപിരിയുന്ന ദമ്പതികൾ ലൈംഗീക അരാജകത്വത്തിലേക്കും രോഗത്തിലേക്കും നീങ്ങും.

പുനർ വിവാഹം പിന്നെയും പ്രശ്നങ്ങൾക്കു കാരണമാകും. കുട്ടികൾക്ക് ആ പുതിയ വ്യക്തിയോടും ആ പുതിയ വ്യക്തിക്കു കുട്ടികളോടും അടുക്കുവാൻ കഴിയാതെവരും. ഇഷ്ടമല്ലാത്ത പ്രവൃത്തികൾ കണ്ടാൽ മർദ്ദനവും ചീത്തവാക്കുകളും ഉയർന്നു കേൾക്കും. കുട്ടികളെക്കൊണ്ട് കൂടുതൽ ജോലി ചെയ്യിപ്പിക്കയും ചെയ്യും. അങ്ങനെ പല തരത്തിലുള്ള കുഴപ്പങ്ങൾ അവർ വരുത്തിവെക്കും. വിവാഹമോചനം നിലവിലിരിക്കുന്ന ഏതൊരു സമൂഹത്തിലും ദേശത്തിലും ഇതുപോലുള്ള അരക്ഷിതാവസ്ഥ കാണാൻ കഴിയും. തൽഫലമായി സ്വസ്ഥതയും സമാധാനവും നഷ്ടമാകും; ക്രിയാത്മകശേഷിയും ഇല്ലാതെയാകും.

ഒരു ഭവനത്തിൽ തെറ്റിദ്ധാരണകൾ ഉണ്ടാകാനിടയുണ്ട്. എന്നാൽ വിവാഹമോചനം അതു വർദ്ധിപ്പിക്കുകയേ ഉള്ളു. പരിഹാരം അതല്ല; അതുകൊണ്ടു ദൈവം പറഞ്ഞു: "പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്തായി 19:19).

ചില വ്യക്തികൾക്കു ദൈവത്തിന്റെ ഈ വാഴ്ച്ച കർക്കശമായി തോന്നാമെങ്കിലും അതു സമൂഹത്തിനു മുഴുവനായും കുടുംബത്തിനു പൊതുവേയും സംരക്ഷണത്തിന് കൂടിയേ തീരു എന്നു ദൈവത്തിനറിയാം. വിവാഹ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതു പരിഹരിക്കണം. ഭർത്താക്കന്മാരും ഭാര്യമാരും ഒത്തൊരുമിച്ച് ജീവിച്ചുകൊണ്ട് വിശുദ്ധമായ ജീവിതത്തിനു അത്യന്താപേക്ഷിതമായ ത്യാഗമനോഭാവം വീണ്ടെടുക്കണം. പ്രശ്ന പരിഹാരമായി വിവാഹമോചനം അവരുടെ ചിന്തകളിൽ പോലും കടന്നു വരരുതു.

ഭർത്താവ് ചിലപ്പോൾ നിഷ്ഠൂരനും, നിർബന്ധിക്കുന്നവനും, ഒരു പക്ഷെ ശാരീരികമായി ഉപദ്രവിക്കുന്നവനും ആകാം. അങ്ങനെ വരുമ്പോൾ ഭാര്യ എന്തു ചെയ്യും? അവർ കോപത്തോടു കൂടി അതിനെ പ്രതികരിച്ചാൽ അതു സാധാരണ ഗതിയിൽ സ്ഥിതി വഷളാക്കു

കയേ ഉള്ളു. എന്നാൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ എന്ന കല്പന പരിശീലിച്ചാൽ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കയും, പകെക്കുന്നവർക്കു നന്മ ചെയ്കയും ചെയ്താൽ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്താൽ (മത്തായി 5:44). കുറെ കഴിയുമ്പോൾ എത്ര പ്രാകൃത സ്വഭാവമുള്ള ഭർത്താവും സ്നേഹവും ദയയും ഉള്ള ഭർത്തവായി മാറും.

മദ്യപിച്ച് ലക്കുകെട്ട ഭർത്താവിന്റെ ചീത്തവാക്കുകളും ക്രൂര സ്വഭാവവും ഭാര്യക്കും കുട്ടികൾക്കും നേരെ അപകടകരമായി തീരുമ്പോൾ അവരുടെ ജീവിതത്തെ ഭയത്തോടെ നോക്കുന്നവരുണ്ട്. ഭയന്ന് ഭർത്താവിൽ നിന്ന് ഓടി ഒളിക്കുന്ന എത്രയോ ഭാര്യമാരുണ്ട്. കുട്ടികളുടെ ചാരിത്യത്തെ പോലും അപഹരിക്കുന്നവരുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ എന്തു ചെയ്യും?

അവൾക്കു പ്രായോഗികവും നല്ലതുമായ അനേക കാര്യങ്ങൾ ചെയ്യാൻ കഴിയും. സ്നേഹത്തോടും ദയവോടും കൂടെ ഭർത്താവിനോടു പെരുമാറുക, ഒരിക്കലും കോപം ജ്വലിപ്പിക്കാതിരിക്കുക. സ്വബോധത്തോടെ ഇരിക്കുമ്പോൾ ശാന്തമായി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിച്ചുകൊണ്ട് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെ മനസിലാക്കിക്കൊടുക്കുക; പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ സ്വഭാവ മാറ്റത്തിനായി ദൈവത്തോടു അപേക്ഷിക്കുക; എന്നിട്ടും മാറുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ മുഖാന്തരം സമാധാനത്തിനായി ശ്രമിക്കുക. അവിടെയും ഉദ്ദേശിച്ച ഫലം കാണുന്നില്ലെങ്കിൽ അവസാനഘട്ടത്തിൽമാത്രം കുറെക്കാലം, അകന്നു ജീവിക്കുക. അപ്പോഴും ഭാര്യ നിരപവാദ്യയായി പ്രാർത്ഥനയിൽ ഉറ്റിരിക്കണം.

പരീക്ഷണത്തിൽ കുടുങ്ങി ലൈംഗീക അധാർമ്മിക ബന്ധത്തിൽ പെട്ട് തന്റെ പങ്കാളിയോടു അവിശ്വസ്തത കാണിക്കുന്ന വ്യക്തികളും ഉണ്ട്. അത്തരം സന്ദർഭങ്ങളിൽ യേശുക്രിസ്തു പറഞ്ഞു: "പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു" (മത്തായി 5:32). ഈ സാഹചര്യത്തിൽ വിവാഹ ഉടമ്പടിയിൽ നിന്നു അവർ സ്വതന്ത്രരായി. അങ്ങനെ വരുമ്പോൾ നിഷ്ക്കളങ്ക വ്യക്തിക്കു പുനർ വിവാഹം അനുവദനീയമാണ്. കുറ്റവാളിക്കു പുനർവിവാഹം അനുവദിക്കുന്നില്ല (മ

ത്തായി 19:9).

വിവാഹം കഴിക്കുന്നതിനു മുൻപ് തന്നെ പങ്കാളിയെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും വിശദമായ അന്വേഷണം നടത്തിയശേഷം വിവാഹത്തിന് ഒരുങ്ങുക. ദൈവ പദ്ധതി അനുസരിച്ച് ജീവിക്കുന്ന ഒരു തുണയെ മാത്രം പങ്കാളിയാക്കി എടുക്കുക. അങ്ങനെ ചെയ്താൽ പിന്നീട് ഉണ്ടാകാനിടയുള്ള അനവധി പ്രശ്നങ്ങളും ദുഖങ്ങളും ഒഴിവാക്കാം. ദൈവവഴിമാത്രമാണ് പ്രായോഗികം.

# ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും!

## ഡേവിഡ് തർമാൻ

ദൈനന്തിന ജീവിതത്തിൽ നാം നേരിടുന്ന കാര്യങ്ങളെല്ലാം കാണുമ്പോൾ നമ്മുടെ ചിന്ത കാടുകയറിയേക്കാം. രാഷ്ട്രീയ കാര്യത്തിലായാലും, സാംസ്ക്കാരികമേഖലയിലായാലും മതപരമായ മേഖലയിലായാലും, സാമ്പത്തികമേഖലയിലായാലും ശരി ഇന്നു കുഴപ്പങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ആളുകൾ നിരാശയിലാകുന്നു. ദൈവത്തിലുള്ള ആശ്രയത്തിന്റെ പ്രസക്തി ഏറുന്നത് ഇത്തരം സാഹചര്യത്തിലാണ്. ദൈവത്തിനു ചെയ്യുവാൻ കഴിയുന്നതിനെ കുറിച്ച് നാം മറന്നുപോകുന്നു. ദൈവം ഒന്നും കാണാതിരിക്കുന്നില്ല. അവൻ പ്രവർത്തിക്കാതെയുമിരിക്കുന്നില്ല. എല്ലാ മനുഷ്യരെ കുറിച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട് എന്ന കാര്യം നാം ഓർക്കണം. അത് മറക്കുമ്പോഴാണ് ആളുകൾ കുഴപ്പങ്ങളിൽ ചെന്നു ചാടുന്നത്.

തന്റെ ജീവിതത്തെ കുറിച്ചുള്ള ദൈവപദ്ധതി എല്ലായ്പോഴും ഓർക്കുന്നവനായിരുന്നു അപ്പോസ്തലനായ പൗലൊസ്. "സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുവേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. പൗലൊസിന് പുറകിലേക്ക് നോക്കുവാൻ പലതും ഉണ്ടായിരുന്നു. പലതും നല്ലതും, മറ്റുചിലതു മോശ

വുമായിരുന്നു. പക്ഷെ തന്റെ ജീവിതത്തിൽ ദൈവത്തിനു ചെയ്യുവാൻ കഴിയുന്നതിനെ കുറിച്ചായിരുന്നു അവന്റെ ഉന്നം. കഴിഞ്ഞതിനെയെല്ലാം അവൻ ക്രിയാത്മകമായി നോക്കി കണ്ടു.

ദൈവത്തിനു തന്റെ ദാസന്മാരെ ജ്വലിപ്പിക്കുവാൻ കഴിയും. യേശു മരിക്കുന്നത് അവന്റെ അപ്പൊസ്തലന്മാരും മറ്റു അനുയായികളും കണ്ടിരുന്നു. മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റുവന്ന ക്രിസ്തുവിനെയും അവർ കണ്ടു. അപ്പോഴും അവർ പരിഭ്രാന്തിയിലായിരുന്നു. ദൈവപദ്ധതി അപ്പോഴും അവർക്ക് മനസിലായില്ല. അപ്പോൾ യേശു അവരോട് ചെയ്യുവാൻ പറഞ്ഞത് ശ്രദ്ധിക്കുക, "അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ, അവൻ അവരോട്, നിങ്ങൾ യെരുശലേമിൽനിന്നു വാങ്ങി പോകാതെ, എന്നോട് കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം"(പ്രവൃത്തികൾ 1:4). ദൈവം അവരിൽ പ്രവർത്തിക്കുന്നതുവരെ കാത്തിരിക്കുവാനായിരുന്നു യേശു അവരോട് പറഞ്ഞത്. ഒരു ഗുണപാഠം നമ്മെ പഠിപ്പിക്കുന്നതാണ് ഇത്.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദൈവം അവരിൽ വ്യാപരിച്ചു. "പെന്തെകൊസ്തുനാൾ വന്നപ്പോൾ, എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവനും നിറെച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി"(പ്രവൃത്തികൾ 2:1-4). അവർ ദൈവത്തെ അനുസരിച്ചതുകൊണ്ട് കാത്തിരുന്നു. അതിനാൽ അവരിൽ ദൈവത്തിന്റെ ശക്തി വ്യാപരിച്ചു. ആ ശക്തിയാൽ അവർക്ക് ദൈവത്തിന്റെ വൻ കാര്യങ്ങളെ കുറിച്ചുള്ള അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുപ്പാൻ കഴിഞ്ഞു. അവർ ദൈവപ്രവൃത്തിക്കായി കാത്തിരുന്നതാണ് പ്രത്യേകത.

അത് സുപ്രധാനമാണ്. ദൈവം ഇന്ന് അത്തരത്തിലുള്ള അത്ഭുതം പ്രവർത്തിക്കുകയില്ലെങ്കിലും, അവൻ ഇപ്പോഴും തന്നെ അനുസരിക്കുന്നവരിൽ പ്രവർത്തിക്കും. അവന്റെ ശക്തിയിൽ ആശ്രയിക്കുന്ന

വരിലാണ് അവന്റെ ശക്തി വ്യാപരിക്കുന്നത്. തന്റെ ഇഷ്ടത്തെ മാനിക്കുന്നവരെയാണ് ദൈവം സ്നേഹിക്കുന്നത്. ദൈവപദ്ധതി പൂർണ്ണമായും നമുക്ക് മനസിലായില്ലെങ്കിലും നാം അതിനു കീഴ്പ്പെടണം എന്ന തത്വം നമ്മുടെ മുന്നിലുണ്ട്. ദൈവരാജ്യം സ്ഥാപിതമായ ദിവസം 3,000 ആത്മാക്കൾ ദൈവകൽപനകൾ അനുസരിച്ചപ്പോൾ അവരെ കർത്താവ് രക്ഷിക്കുകയും രാജ്യത്തിൽ പ്രവേശിപ്പിക്കയും ചെയ്തു. ദൈവത്തിൽനിന്ന് അനുഗ്രഹം ലഭിപ്പാൻ അനുസരിക്കണം. അതാണ് ദൈവനീതി. അവന്റെ നീതി നിറവേറപ്പെടുമ്പോൾ അവന്റെ ശക്തി പ്രകടമാകും.

തന്റെ ജനത്തെ പണിയുവാൻ ദൈവത്തിന് കഴിയും. നാം ഭാവിയെ കുറിച്ച് വിചാരപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദൈവം തന്റെ ജനത്തിന് അത്ഭുതകരമായ വാഗ്ദാനങ്ങൾ നൽകിയിരിക്കുകയാണ്. ആളുകൾ അത് കാണാതെ പോകുന്നു. യേശു ആരാണെന്ന ചോദ്യത്തിന് ശിമോൻ പത്രൊസ് ശരിയായി തന്നെ ഉത്തരം നൽകി. “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു.” യേശു അതിന്, “ബർയോനാ ശീമോനേ, ജഡരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തി തന്നത്” എന്നു പറഞ്ഞു. നമുക്ക് മനസിലാക്കുവാൻ കഴിയാത്തത് ദൈവം നമുക്ക് അറിയിച്ചുതരും. പക്ഷെ നാം അന്വേഷിക്കേണ്ടത് ദൈവത്തിലായിരിക്കണം. യേശു അവനോട് തുടർന്നു പറയുന്നു, “നീ പത്രൊസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും.” പത്രൊസ് ഏറ്റുപറഞ്ഞ സത്യത്തിന്മേൽ കർത്താവ് തന്റെ ജനത്തെ പണിയും എന്ന വാഗ്ദാനമായിരുന്നു അത്.

രക്ഷകനായ ക്രിസ്തുവിന്റെ വാഗ്ദാനങ്ങൾക്ക് പ്രാധാന്യമുണ്ട്. പത്രൊസ് സഭ പണിയുമെന്നല്ല കർത്താവ് പറഞ്ഞത്, പിന്നെയോ കർത്താവ് തന്നെ അവന്റെ സഭ പണിയും എന്നാണ് പറഞ്ഞത്. ആളുകൾക്ക് മനസിലായാലും ഇല്ലെങ്കിലും അവൻ തന്റെ പദ്ധതിയുമായി മുൻപോട്ടു പോകും(മത്തായി 16:16-18). കർത്താവിന്റെ ആത്മിയ ശരീരമാണ് സഭ. അവനാണ് സഭയെ പണിതു വളർത്തുന്നത്. അതിന്റെ വളർച്ചക്ക് ആവശ്യമായ പലതും അവൻ മനുഷ്യരെ കൊണ്ട് ചെയ്യിക്കും. അപ്പൊസ്തലന്മാരെ, പ്രവാചകന്മാരെ, ഉപദേഷ്ടാക്കന്മാരെ, സുവിശേഷകന്മാരെയെല്ലാം അവൻ അതിനായി ഉപയോഗിച്ചിരുന്നു. ഇന്ന് ഉപദേഷ്ടാക്കന്മാരെയും, പ്രാസംഗികരെയും,

ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല(1 കൊരിന്ത്യർ 3:11). ക്രിസ്തു തന്നെയാണ് സഭ യുടെ അടിസ്ഥാനം എന്നതു വളരെ പ്രാധാന്യമുള്ള കാര്യമാണ്. നടുകയും നനക്കുകയും ചെയ്യുന്നവൻ ഏതുമില്ല. വളർത്തുമാറാ ക്കുന്ന ദൈവമത്രെ സകലത്തിലും വലിയവൻ. നാം സഭയുടെ വളർച്ചയെ കുറിച്ചും ഭാവിയെ കുറിച്ചും ആകുലചിത്തരായിരിക്കു മ്പോൾ, ദൈവം അതിനെ കുറിച്ചു വിചാരപ്പെടുന്നില്ല എന്നതാണ് വാസ്തവം. ദൈവം സഭയെ വേണ്ട രീതിയിൽ വേണ്ട സമയത്ത് വളർത്തുക തന്നെ ചെയ്യും.

ദൈവത്തിനു തന്റെ ശത്രുക്കളെ തോൽപിക്കുവാൻ കഴിയും. ശത്രുക്കളാൽ ഭീഷണിക്കു തന്നെ വിധേയനാക്കുവാൻ സാധ്യമല്ല എന്നതാണ് ദൈവത്തിന്റെ ഒരു പ്രത്യേകത. ശത്രുക്കൾക്ക് ആവർത്തി ച്ചാവർത്തിച്ച് ദൈവത്തെ ആക്രമിക്കുവാൻ കഴിയുമെങ്കിലും എപ്പോഴും ദൈവമാണ് വിജയിക്കുന്നത്. ശത്രുക്കൾ പരാജയപ്പെടു കയേ ഉള്ളു. തന്റെ ശത്രുക്കളെ പരിവർത്തനം ചെയ്യുവാനും അവരെ തന്റെ സേവകരാക്കുവാനും ദൈവത്തിനു കഴിയും. ശൗൽ ദൈവ ത്തിനെതിരായി പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു. ശൗൽ കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും നിശ്വ സിച്ചുകൊണ്ട് മഹാപുരോഹിതന്റെ അടുക്കൽ ചെന്നു ദമസ്ക്കൊ സിൽ ഈ മാർഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ പിടിച്ചുകെട്ടി, യെരുശലേമിലേക്ക് കൊണ്ടുവരു വാന്തക്കവണ്ണം അവിടത്തെ പള്ളികൾക്ക് അവനോട് അധികാരപത്രം വാങ്ങി അവൻ പ്രയാണം ചെയ്തു ദമസ്ക്കോസിനു സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തുനിന്നു ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി, അവൻ നിലത്തു വീണു. ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്ന തെന്ത് എന്ന് തന്നോട് പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാ കുന്നു കർത്താവേ എന്ന് അവൻ ചോദിച്ചതിന്നു, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നത് അവിടെ വെച്ച് നിന്നോട് പറയും എന്നു പറഞ്ഞു( പ്രവൃത്തികൾ 9:1-6).

ക്രിസ്ത്യാനിത്വം വ്യാപിക്കുന്നത് തടയുവാൻ തന്നെക്കൊണ്ട് ആവുന്നതെല്ലാം ശൗൽ ചെയ്തിരുന്നു. ഇപ്പോൾ ദൈവം അവനു

പ്രത്യക്ഷനാകുകയും അവൻ അന്ധനായി തീരുകയും ചെയ്തു.ദൈവം അവന്റെ ഭാവിയെ മാറ്റിയതിനാൽ അവൻ പിൽക്കാലത്ത് വലിയോരു അപ്പൊസ്തലനായി തീരുകയും ചെയ്തു. കർത്താവിന്റെ നാമത്തിനുവേണ്ടി ഇറങ്ങി തിരിച്ചിരിക്കുന്നവർക്ക് നേരെ ഉപദ്രവം ഉണ്ടാകുമ്പോൾ, നാം വിചാരപ്പെടും, പക്ഷെ ദൈവത്തിനു വിചാരപ്പെടേണ്ട ആവശ്യമില്ല. അവൻ വേണ്ട രീതിയിൽ പ്രവർത്തിക്കും. നാം ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരിക്കണമെന്നു മാത്രം. പരാജയപ്പെടാത്ത വിധത്തിൽ ദൈവം തന്റെ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കും. ദൈവത്തിന്റെ ശത്രുക്കൾ നമ്മുടെ മുമ്പിൽ താളടിയാകുന്നത് നമുക്കു കാണുവാൻ കഴിയും. ദൈവരാജ്യത്തിന്റെ വിജയത്തിന് അവൻ ചിലപ്പോൾ ശത്രുക്കളെ തന്നെ ഉപയോഗിക്കും.

ദൈവം അത്ഭുതകരമായി പ്രവർത്തിക്കും. നാം ഉദ്ദേശിക്കുന്നതുപോലെയല്ല. നാം ദൈവത്തിലും അവന്റെ വചനത്തിലും ആശ്രയിക്കുന്നതിനാൽ ദൈവത്തിനു തന്റെ സഭയെ അത്ഭുതകരമായി വളർത്തുവാൻ കഴിയും. ദൈവം ഇപ്പോഴും തന്റെ സഭയെ പണിതുകൊണ്ടാണിരിക്കുന്നത്. ജീവനുള്ള കല്ലുകളെ ചേർത്തുകൊണ്ടാണ് പണിതുകൊണ്ടിരിക്കുന്നത്. സഭയുടെ ശക്തിയെ നാം സംശയിക്കുമ്പോൾ, ദൈവത്തിനു യാതൊരു സംശയവുമില്ല എന്നതാണ് പരമാർത്ഥം. നാം ദൈവത്തിന്റെ സഭയെ സംശയിക്കുമ്പോൾ ദൈവത്തെയാണ് സംശയിക്കുന്നത്. വിശ്വാസമാണ് ആവശ്യം. ഭയവും ഭീതിയും അകറ്റി ഭാവിയെ നോക്കി കാണുവാൻ കഴിയുന്ന ദൈവത്തിൽ ഏൽപിക്കുക. അപ്പോൾ നമ്മുടെ ആകുലത ഇല്ലാതാകും. ദൈവത്തിനു സകലവും ചെയ്യുവാൻ കഴിയും. എന്നാൽ രണ്ടു തത്വങ്ങൾ എപ്പോഴും ഓർക്കണം.

ദൈവം തന്റെ ശക്തി പ്രകടിപ്പിക്കുക തന്നെ ചെയ്യും. അവൻ തന്റെ പദ്ധതി മാറ്റുകയില്ല. യേശുവിന്റെ സഭ ഇരുട്ടിന്റെ രാജ്യത്തെ കീഴ്പ്പെടുത്തും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല. ഒരിക്കൽ എല്ലാവരും യേശുവിനെ അംഗീകരിക്കുന്ന ഒരു ദിവസം വരും. എല്ലാ നാമത്തിലും വലിയ നാമം അവനു ലഭിച്ചിരിക്കയാൽ എല്ലാവരും അവന്റെ മുൻപിൽ മുട്ടുമടക്കുകയും ഏറ്റുപറകയും ചെയ്യും. നാം അവന്റെ ഇഷ്ടത്തോട് ഇന്നു തന്നെ പറ്റിച്ചേരണം. കാരണം നാളെ എന്നതു നമുക്കുള്ളതല്ല.

# നൽകുന്നതിലെ സന്തോഷം

## ജോണി രാംസ്മേ

പലരും കൊടുക്കുന്നതിനെ കുറിച്ച് പല അഭിപ്രായമുള്ളവരാണ് എല്ലാവരും കൊടുക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കിയിട്ടില്ല എന്ന് അവരുടെ പ്രവൃത്തികൾ കണ്ടാൽ അറിയാം. പഴയനിയമത്തിൽ ഒരാളുടെ വരുമാനത്തിന്റെ പത്തിലൊന്നായിരുന്നു നൽകേണ്ടിയിരുന്നത്. യുദ്ധത്തിൽ ജയിച്ചുവന്ന ശാലേം രാജാവിന്നു അബ്രഹാം സകലത്തിലും ദശാംശം കൊടുത്തിരുന്നു. അങ്ങനെ കൊടുത്തവരെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചിരുന്നു. വിതെക്കുന്ന നിയമം അനുസരിച്ച് കുറച്ചു വിതെക്കുമ്പോൾ കൊയ്ത്ത് വളരെയാണ് ലഭിക്കുന്നത്. നമുക്ക് അദ്ധ്വാനിപ്പാനുള്ള ശേഷിയും വർദ്ധനവും ദൈവമാണ് തരുന്നത്. അതിനുള്ള നന്ദി നാം പ്രകടിപ്പിക്കുന്നത് ഇപ്രകാരമാണ്. നൽകാത്തവൻ ദൈവത്തെ കവർന്നെടുക്കുന്നു എന്നാണ് മലാഖി അന്നു ദൈവജനത്തോട് പറഞ്ഞത്. ആ തത്വം ഇന്നും വാസ്തവമാണ്.

മുൻപ് ഒരിക്കൽ പ്രചാരത്തിലിരുന്ന ഒരു മാസിക കുടുംബവരവും ചെലവും എന്നതിനെ കുറിച്ച് പഠനം നടത്തിയ വിവരങ്ങൾ പ്രസിദ്ധീകരിക്കയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നത് അവരുടെ മതത്തിനു നൽകിയിരുന്നത് വളരെ കുറച്ചു മാത്രമായിരുന്നു എന്നാണ്. നാം ദൈവത്തെ എത്ര സ്നേഹിക്കുന്നു എന്നാണ് നമ്മുടെ നൽകൽ സൂചിപ്പിക്കുന്നത്. എന്നാൽ ദൈവം മനുഷ്യർക്ക് നൽകിയതിനെ കുറിച്ചും, ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതിനെ കുറിച്ചും, ഇനി നൽകുവാനിരിക്കുന്നതിനെ കുറിച്ചും നാം ചിന്തിക്കണം. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുവാൻതക്കവണ്ണം അവൻ ലോകത്തെ സ്നേഹിച്ചു" എന്ന് ബൈബിൾ പറയുന്നു(യോഹന്നാൻ 3:16). തിരിച്ച് നാം എന്തു നൽകിയാണ് ദൈവത്തെ സ്നേഹിക്കുന്നത് എന്നത് നാം ചിന്തിക്കണം. തിരുവെഴുത്തിൽ അവൻ പറഞ്ഞിരിക്കുന്നതനുസരിച്ച് നാം നൽകി ദൈവത്തെ പ്രസാദിപ്പിക്കണം( ശേഷം പേജ് 29 ൽ).

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

വാസ്തവത്തിൽ നമുക്കുള്ളതെല്ലാം ദൈവത്തിന്റേതാണ്. നാം ആദ്യം നമ്മെത്തന്നെ ദൈവത്തിന് നൽകുവാൻ കടപ്പെട്ടിരിക്കുന്നു. ആളുകൾ പണം ദൈവാലയത്തിലെ ഭണ്ഡാരത്തിൽ ഇടുന്നത് യേശു ഒരിക്കൽ നിരീക്ഷിച്ചുകൊണ്ടിരുന്നു. അപ്പോൾ സാധുവായ ഒരു വിധവയും അവൾക്കുള്ള രണ്ട് വെള്ളിക്കാശ് ഇട്ടു. വളരെ അധികം പണം ഭണ്ഡാരത്തിൽ ഇട്ടവരേക്കാളും അധികമാണ് അവൾ ഇട്ടതെന്ന് യേശു പറഞ്ഞു. കാരണം അവൾ തനിക്കുള്ളതെല്ലാം ഇട്ടു. മറ്റുള്ളവരോ തങ്ങളുടെ സമൃദ്ധിയിൽനിന്നും ഒരംശം മാത്ര മാണ് ഇട്ടത്. ദൈവത്തിന് നൽകുന്ന പ്രവൃത്തി ഒരിക്കലും കാപട്യ ത്താലോ, നിർബ്ബന്ധത്താലോ, അല്ലെങ്കിൽ സങ്കടത്താലോ ആകരു ത്. പിന്നെയോ സന്തോഷത്തോടെ കൊടുക്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്(2 കൊരിന്ത്യർ 9:7).

അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ എന്നാണ് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നത്. ചിലർ പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും കൊടുത്തിരുന്നതായി കാണാം. വിശുദ്ധന്മാരുടെ മുട്ടു തീർക്കുവാനും സുവിശേഷ പ്രചരണത്തി നുമായിട്ടാണ് പുതിയ നിയമസഭയിൽ ധർമ്മശേഖരം നടത്തുവാൻ പറഞ്ഞിരിക്കുന്നത്. അതേ സമയം നാം നൽകുന്നത് ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തിയായി കണക്കാക്കണം. മക്കെദോന്യ സഭകൾ കഷ്ടത എന്ന കഠിന ശോധനയിലായിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും ദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായി തീർന്നു. അത് അവർക്ക് ലഭിച്ച ദൈവകൃപയെയാണ് കാണിക്കുന്നത്.

വിശുദ്ധന്മാരെ സഹായിക്കുന്ന പ്രവൃത്തി അവർ സ്വമേധയായി ട്ടാണ് ചെയ്തത് എന്നത് അവരുടെ പ്രവൃത്തിയെ ഉയർത്തുന്നു. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് നമ്മുടെ കർത്താ വായ യേശു പറഞ്ഞത് നാം മറന്നുപോകരുത്. ഉദാരമായും ത്യാഗ ത്തോടുകൂടിയും നൽകുന്നത് ദൈവരാജ്യത്തിൽ നിക്ഷേപിക്കുന്ന താണ്. നമ്മുടെ നിക്ഷേപമുള്ളേടത്ത് നമ്മുടെ ഹൃദയവും ഇരിക്കും. നിസ്തുല്യമായ സംഭാവനകളാണ് പിതാവും പുത്രനും നമുക്കായി നൽകിയിരിക്കുന്നത്. ആകയാൽ പ്രാപ്തിക്കുമീതെ സന്തോഷ ത്തോടെ നൽകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378